277769/2020/(J),DCKNR

Date 03/11/20

From ,

ഗോപി .എം

ചെയർമാൻ

വിദഗ്ദ്ധ സമിതി .

To

ജില്ലാ കളക്ടർ

കണ്ണൂർ.

C4

സർ,

വിഷയം : ധർമടം മണ്ഡലത്തിലെ മേലൂർ കടവ് പാലത്തിന്റെ അനുബന്ധ റോഡിനു അധിക ഭൂമി ഏറ്റെടുക്കുന്നത് .വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ചു .

സൂചന :1. ചെയർമാൻ ,വിജിൽ മട്ടന്നൂർ സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് .

2. കണ്ണൂർ ജില്ലാ കളക്ടറുടെ ഡി സി കെ എൻ ആർ 3053 /2020 /–c 4 നമ്പർ 16/10/2020 തിയ്യതിയിലെ ഉത്തരവ് .

മേൽ സൂചന ഉത്തരവ് പ്രകാരം ധർമടം മണ്ഡലത്തിലെ മേലൂർ കടവ് പാലത്തിന്റെ അനുബന്ധ റോഡിനു അധിക ഭൂമി ഏറ്റെടുക്കുന്നതിനുള്ള സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി വിദഗ്ദ്ധ സമിതിയുടെ ശുപാർശ കുറിപ്പ് , അങ്ങയുടെ അറിവിലേക്കും , തുടർനടപടിക്കുമായി സമർപ്പിക്കുന്നു.

കണ്ണൂർ
28/10/20

ഗോപി .എം

ചെയർമാൻ വിദഗ്ദ്ധ സമിതി

## മേലൂർ കടവ് പാലത്തിന്റെ അനുബന്ധ റോഡിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത പഠനറിപ്പോർട്ടിന്മേൽ വിദഗ്ദ്ധ സമിതിയുടെ ശുപാർശ കുറിപ്പ്

**തിയ്യതി: 27/10/2020**

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിലെ ധർമ്മടം വില്ലേജിലെ മേലൂർ പ്രദേശത്തെയും പിണറായി വില്ലേജിലെ പാറപ്രം ദേശത്തെയും ബന്ധിപ്പിച്ചുകൊണ്ട് അഞ്ചരക്കണ്ടി പുഴയിൽ ഉള്ള പാലത്തിന്റെ അനുബന്ധ റോഡ് നിർമാണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാനിടയുള്ള സാമൂഹ്യ പ്രത്യാഘത ത്തെ കുറിച്ച് ,ചെയർമാൻ വിജിൽ മട്ടന്നൂർ എന്ന ഏജൻസി സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി താഴെ ഒപ്പിട്ടവർ അംഗങ്ങളായവർ ഉള്ള ഒരു വിദഗ്ദ്ധ സമിതിയെ കണ്ണൂർ ജില്ലാ കളക്ടറുടെ DCKNR /3053/2020-C4 നമ്പർ 16/10/2020 തിയ്യതി ഉത്തരവ് പ്രകാരം രൂപവത്കരിച്ചിരുന്നു .

വിദഗ്ദ്ധ സമിതിയുടെ പ്രാഥമിക യോഗം 23/10/2010 നു രാവിലെ 11.30 am മണിക്ക് ധർമ്മടം പഞ്ചായത്തിൽ വച്ച് ചേരുകയും , തുടർന്ന് പദ്ധതി പ്രദേശം സന്ദർശിക്കുകയും ചെയ്തു .

കണ്ണൂർ ജില്ലയിലെ തലശ്ശരി താലൂക്കിൽ ധർമടം വില്ലേജിലെ മേലൂർ ദേശം സർവ്വേ നമ്പർ 12 ൽ ഉൾപ്പെട്ട 0.0482 ഹെക്ടർ ഭൂമിയാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത് .സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തിയതിന്റെയും സ്ഥല പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങളുടെയും അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്ന ശുപാർശകൾ സമർപ്പിക്കുന്നു.

1. തലശ്ശേരി താലൂക്കിലെ ധർമ്മടം , പിണറായി എന്നീ പഞ്ചായത്തുകളിലെ ജനങ്ങളുടെ സുഗമമായ സഞ്ചാരത്തിനും , വ്യാപാരബന്ധത്തിനും സഹായമാകുന്ന ഈ മേലൂർ കടവ് പാലത്തിന്റെ അനുബന്ധ റോഡിന്റെ വീതി കൂട്ടാനുള്ള പ്രവർത്തി ഏറ്റെടുത്തു നടപ്പിലാക്കുന്നത് കേരളാ

സർക്കാരിന്റെ കീഴിലുള്ള പൊതുമരാമത്തു റോഡ് വിഭാഗമാണ് . ആയതിനാൽ ഈ പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ ഒരു പൊതു ആവശ്യത്തിന് വേണ്ടിയാണ്.

2. മേലൂർ കടവ് പാലത്തിന്റെ അനുബന്ധ റോഡിന്റെ വീതി കൂട്ടാൻ വേണ്ടിയാണു ഈ ഭൂമി ഏറ്റെടുക്കുന്നത് , ആയതിനാൽ ഈ പദ്ധതിക്ക് വേണ്ടിയുള്ള ഏറ്റവുംകുറഞ്ഞ അളവിലുള്ള ഭൂമിയാണ് ഏറ്റെടുക്കുന്നതെന്നും . കൂടാതെ ഈ പദ്ധതിക്ക് വേണ്ടി പകരം ഭൂമി കണ്ടെത്തേണ്ടതില്ല എന്നുമുള്ള പഠന റിപ്പോർട്ടിനോട് ഈ സമിതി യോജിക്കുന്നു.

3. നിർദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ആരെയും കുടിയൊഴിപ്പിക്കുന്നില്ല . ആയതിനാൽ പുനരധിവാസം എന്ന ആവശ്യകതയില്ല .

4. ഈ പദ്ധതി നിർമാണവുമായി ബന്ധപ്പെട്ട് ഭൂമി നഷ്ടപെടുന്നവർക്കു ഭൂമി ഏറ്റെടുക്കുന്നതിനുള്ള RFCTLARR Act 2013 കേരള സർക്കാരിന്റെ 29/12/2017 ലെ ജി .ഒ ( എം .എസ് ) നമ്പർ 448 /2017/RD ഉത്തരവ് എന്നിവ പ്രകാരമുള്ള ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കേണ്ടാതാണ് എന്ന് ശുപാർശ ചെയ്യുന്നു .

5. പൊതുജനസേവനത്തിനുള്ള സർക്കാർ സ്ഥാപനങ്ങൾ , മേച്ചിൽപ്പുറങ്ങൾ , ആരാധനാലയങ്ങൾ എന്നിവയൊന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ ഉൾപ്പെടുന്നില്ല .

6. ഈ ഭൂമിയേറ്റെടുക്കൽ ജനങ്ങളുടെ വരുമാനമാർഗ്ഗത്തെയോ, കൃഷിയെയോ ബാധിക്കുന്നില്ല.

കണ്ണൂർ ജില്ലയിലെ തല്ലശ്ശേരി താലൂക്കിലെ ധർമ്മടം വില്ലേജിലെ മേലൂർ , പിണറായി വില്ലേജിലെ പാറപ്രം എന്നി പ്രദേശത്തെ ബന്ധിപ്പിക്കുന്ന മേലൂർ കടവ് പാലവും , അനുബന്ധ റോഡും യാഥാർഥ്യമായാൽ ,ആയതിന്റെ ഗുണം ലഭിക്കുന്നത് നമ്മുടെ നാട്ടിലെ പൊതുജനങ്ങൾക്കാണ്. ഇതിന്റെ ഭാഗമായി ഉണ്ടാകുന്ന മികച്ച ഗതാഗത സൗകര്യങ്ങൾ ഈ മേഖല യ്ക്കു പല രീതിയിലുള്ള വികസനങ്ങൾ ഉണ്ടാകാൻ കാരണമാകും. ആയതിനാൽ ഈ പദ്ധതിയുടെ ഗുണവശങ്ങൾ പരിഗണിക്കുമ്പോൾ , ഇതുമായി ബന്ധപ്പെട്ടു

ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കുറവാണ്. ആയതിനാൽ നിർദിഷ്ട പദ്ധതിക്കുവേണ്ടിയുള്ള ഭൂമിയേറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകാവുന്നതാണ് എന്ന് ഈ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു.

| | |
|---|---|
| മൂർക്കോത്തു സുകുമാരൻ<br>പ്രതിനിധി<br>ധർമ്മടം ഗ്രാമ പഞ്ചായത്ത് | സ്മിത .എം<br>പ്രതിനിധി<br>ധർമ്മടം ഗ്രാമ പഞ്ചായത്ത് |
| സി എം മുരളീധരൻ<br>റീ . ഡെപ്യൂട്ടി കളക്ടർ<br>പുനരധിവാസ പ്രവർത്തന വിദഗ്ദ്ധൻ | പി രാജൻ<br>റീ . ഡെപ്യൂട്ടി കളക്ടർ<br>പുനരധിവാസ പ്രവർത്തന വിദഗ്ദ്ധൻ |
| ലതീശൻ . കെ അസി.എൻജിനീയർ<br>റോഡ് സെക്ഷൻ തലശ്ശേരി<br>സാങ്കേതിക വിദഗ്ദ്ധൻ | ജിജി .കെ<br>സാമൂഹ്യ ശാസ്ത്രജ്ഞ |

ഗോപി എം
സാമൂഹ്യശാസ്ത്രജ്ഞൻ &
ചെയർമാൻ വിദഗ്ദ്ധ സമിതി.